"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സന്ധ്യ.വി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 60/2021 നമ്പർ കേസിലെ 05.11.2021 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.3066/2022/LSGD തീയതി,തിരുവനന്തപുരം, 09-12-2022

---

പരാമർശം:-

1. തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സന്ധ്യ വി. സർക്കാരിൽ സമർപ്പിച്ച 06.01.2021 തീയതിയിലെ നിവേദനം.(അനക്ഷർ- എ7)
2. 17.11.2021 തീയതിയിലെ ഇയു2-7/2021-തസ്വഭവ നമ്പർ കത്ത്.
3. ശ്രീമതി.സന്ധ്യ വി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 60/2021 നമ്പർ കേസിലെ 05.11.2021 തീയതിയിലെ ഉത്തരവ്.
4. നഗരകാര്യഡയറക്ടറുടെ 16.03.2021, 30.03.2022 തീയതികളിലെ ഇ3-1125/2021 നമ്പർ കത്തുകൾ.
5. നഗരകാര്യഡയറക്ടറുടെ 25.11.2022 തീയതിയിലെ ഡിയുഎ/4651/2022-ഇ3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സന്ധ്യ വി. സമർപ്പിച്ച പരാമർശം (1) നിവേദനം പ്രകാരം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഇളവിന്റെയടിസ്ഥാനത്തിൽ അനുവദിച്ച ഉദ്യോഗക്കയറ്റം, നിശ്ചിത കാലയളവിനുള്ളിൽ ടിയാൾ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടാത്തതിനെത്തുടർന്ന് റദ്ദ് ചെയ്ത് ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തിയ നഗരകാര്യ ഡയറക്ടറുടെ നടപടി പുനഃപരിശോധിക്കണമെന്നും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ഇളവിന്റെ കാലാവധി, PSC -യുടെ അടുത്ത Department test വരെയെങ്കിലും നീട്ടി ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 60/2021 നമ്പർ കേസിലെ 05.11.2021 തീയതിയിലെ അന്തിമ ഉത്തരവ് പ്രകാരം ടി ഉത്തരവിന്റെ പകർപ്പ് ലഭ്യമായി ഒരു മാസത്തിനകം, പരാതിക്കാരിയെ നേരിൽ കേട്ട്, നഗരകാര്യ ഡയറക്ടറുടെ 31.12.2020-ലെ ഇ3-15023/19 നം.ഉത്തരവ് നടപടികൾക്കെതിരെ അപേക്ഷക സർക്കാരിൽ

സമർപ്പിച്ച 06.01.2021 തീയതിയായ അപേക്ഷ (Annexure A7) യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.സന്ധ്യ വി. സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, ആശ്രിതനിയമനം മുഖേന തിരുവനന്തപുരം നഗരസഭയിൽ 16.8.2010 എൽ.ഡി.സി/ബിൽ കളക്ടർ ആയി ജോലിയിൽ പ്രവേശിച്ച തനിക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഇളവ് അനുവദിച്ചുകൊണ്ട് ഉദ്യോഗക്കയറ്റം ലഭിച്ച തീയതി (11/04/2017) മുതൽ 3 വർഷത്തിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടാത്ത പക്ഷം ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതാണെന്നുള്ള നിബന്ധനയോടെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി എന്നും ടി ഉദ്യോഗക്കയറ്റം ലഭിച്ചപ്പോൾ തന്നെ ടിയാൾ ബന്ധപ്പെട്ട പരീക്ഷകളിൽ KSR ഒഴികെ ബാക്കി പരീക്ഷകൾ പാസ്സായിരുന്നു എന്നും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ PSC Department test-കൾ യഥാസമയം നടത്തിയിരുന്നില്ല എന്നും ജനുവരി മുതൽ ജൂലൈ വരെ ആണ് പരീക്ഷകൾ നടത്തേണ്ടിയിരുന്നത് എന്നും എന്നാൽ കോവിഡ്-19 ആയതിനാൽ താമസിച്ചാണ് പരീക്ഷകൾ നടന്നത് എന്നും ആയതിനാൽ ടിയാൾക്ക് യഥാസമയം സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ സാധിച്ചില്ല എന്നും PSC Department test- 17.11.2020- 21.12.2020 എന്നീ തീയതികളിൽ ടിയാൾ KSR പരീക്ഷ എഴുതിയിട്ടുണ്ട് എന്നും ആയത് ടിയാൾ പാസ്സാകുമെന്ന് ഉറപ്പുണ്ടെന്നും എന്നാൽ ഈ വിഷയത്തിൽ നഗരകാര്യവകുപ്പ് ഡയറക്ടർ നൽകിയ നോട്ടീസിന് ടിയാൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ നഗരകാര്യ ഡയറക്ടറുടെ 31.12.2020-ലെ ഇ3-15023/19 നം.ഉത്തരവ് നടപടികൾ പ്രകാരം 11/04/2020 തീയതി മുതൽ ടിയാളെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തി തിരുവനന്തപുരം നഗരസഭയിൽ നിയമിച്ചുവെന്നും ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ഇളവിന്റെ കാലാവധി PSC -യുടെ അടുത്ത Department test വരെയെങ്കിലും നീട്ടി ഉത്തരവുണ്ടാകണം എന്നും ആവശ്യപ്പെട്ടിരുന്നു.

3. പ്രസ്തുത അപേക്ഷയിൻമേൽ നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, 11.04.2017 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം കെ.എസ്.ആന്റ് എസ്.എസ്.ആർ ചട്ടം 13 A(1)(a) വ്യവസ്ഥകൾക്ക് വിധേയമായി ശ്രീമതി.സന്ധ്യ വി. യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതാണ് എന്നും, ടി ഉത്തരവിൽ പ്രൊമോഷൻ നൽകിയ തീയതി (11/04/2017) മുതൽ 3 വർഷത്തിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടാത്ത പക്ഷം ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതാണെന്ന് പരാമർശിച്ചിരുന്നു. എന്നാൽ ടിയാരി 11/04/2020-നുള്ളിൽ പ്രസ്തുത ടെസ്റ്റുകൾ പാസ്സായിട്ടുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടിയാരിയെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് 11/04/2020 തീയതി മുതൽ തരം താഴ്ത്തുന്നതായിരിക്കുമെന്നും ആയതിനെതിരെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ 7 ദിവസത്തിനുള്ളിൽ നഗരസഭാ സെക്രട്ടറി മുഖേന ആക്ഷേപം സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയിട്ടുള്ളതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ ടിയാരിയുടെ വ്യക്തിപരമായ കാരണത്താലും കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിലും ടിയാൾക്ക് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിച്ചിട്ടില്ല എന്നും 17/11/2020, 07/12/2020 തീയതികളിൽ പി.എസ്.സി. നടത്തുന്ന ടെസ്റ്റുകളുടെ ഫലം വരുന്നതു വരെ ടിയാരിയെ തരം താഴ്ത്തൽ നടപടിയിൽ നിന്നും ഒഴിവാക്കണമെന്ന് നോട്ടീസിന് മറുപടി നൽകിയിട്ടുള്ളതാണ് എന്നും, ടിയാരിയുടെ മറുപടി കെ.എസ്.ആന്റ്. എസ്.എസ്.ആർ ചട്ടം 13 (A)(1)(a) പ്രകാരം

നിലനിൽക്കുന്നതല്ലാത്തതിനാൽ ടിയാരിയെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തി തിരുവനന്തപുരം നഗരസഭയിൽ നിയമിച്ചിരുന്നതായും റിപ്പോർട്ട് ചെയ്തിരുന്നു.

4. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ചട്ടപ്രകാരവും ശ്രീമതി.സന്ധ്യ വി. യുടെ അപേക്ഷ (അനക്ഷർ എ 7) പരിശോധിക്കുകയും, പ്രസ്തുത ആവശ്യം ചട്ടപ്രകാരം പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് ടിയാൾക്ക് പരാമർശം (2) പ്രകാരം മറുപടി നൽകിയിരുന്നു.

5. ബഹു.ട്രിബ്യൂണലിന്റെ ഒ.എ 60/2021 നമ്പർ കേസിലെ 5.11.2021 തീയതിയിലെ അന്തിമ ഉത്തരവ് പ്രകാരം കോവിഡ് വ്യാപനപശ്ചാത്തലത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സന്ധ്യ വി.-യെ ഓൺലൈൻ പ്ലാറ്റ്ഫോം (Google Meet) മുഖാന്തരം 23.03.2022-ൽ നേരിൽകേട്ടു. നേരിൽ കേട്ട സമയത്തെ ശ്രീമതി.സന്ധ്യ വി.യുടെ വാദങ്ങൾ പ്രകാരം ടിയാൾ Department test പാസ്സായിട്ടില്ല എന്നും ടിയാൾ ഭർത്താവിനെ പിരിഞ്ഞു താമസിക്കുകയാണെന്നും ഹൃദയസംബന്ധമായ അസുഖബാധിതരായ 2 പെൺകുട്ടികൾ ആണ് ടിയാളുടെ സംരക്ഷണയിലുള്ളതെന്നും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണെന്നും ആയതിനാൽ ടെസ്റ്റ് പാസ്സാകുന്നതിന് ഒരു വർഷം കൂടി ഇളവ് അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു.

6. ഹിയറിംഗിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ, ടിയാൾ 23.03.2022 വരെയും ഉദ്യോഗക്കയറ്റം നേടുന്നതിനാവശ്യമായ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതല്ലായെന്ന് കണ്ടിരുന്നു. കെ.എസ്.& എസ്. എസ്. ആർ ഭാഗം II ചട്ടം 13 A (1) പ്രകാരം പ്രമോഷൻ ടെസ്റ്റ് പാസ്സാകാത്ത പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ ഉദ്യോഗസ്ഥർക്ക് മറ്റുതരത്തിൽ യോഗ്യരാണെങ്കിൽ താത്കാലികമായി പ്രൊമോഷൻ നൽകുവാനും, ഇപ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർ നിശ്ചിത 3 വർഷത്തിനുള്ളിൽ പ്രൊമോഷൻ ടെസ്റ്റ് പാസ്സായില്ലെങ്കിൽ ചട്ടം 13 A (1) പ്രകാരം പ്രൊമോഷൻ ലഭിച്ച് മൂന്നു വർഷം തികയുന്ന ദിവസം മുതൽ പ്രാബല്യത്തിൽ റിവർട്ട് ചെയ്യേണ്ടതാണെന്നും വ്യവസ്ഥയുണ്ടെങ്കിലും, ടി മൂന്ന് വർഷക്കാലയളവ് നീട്ടി നൽകുന്നതിന് ചട്ടത്തിൽ പ്രത്യേക വ്യവസ്ഥകളൊന്നുമില്ല. എന്നാൽ, ചട്ടം 13 A (4) പ്രകാരം ഓരോ വർഷവും രണ്ട് തവണ പരീക്ഷയ്ക്ക് ഹാജരാകാനുള്ള അവസരം ലഭിച്ചിട്ടില്ലാത്തവർക്ക് ആവശ്യമുള്ള പക്ഷം ഇവരുടെ താത്കാലിക ഉദ്യോഗകയറ്റ കാലാവധി നീട്ടി നൽകാനും വ്യവസ്ഥയുണ്ട്. ആയത് പ്രകാരം ശ്രീമതി സന്ധ്യയ്ക്ക് Exemption നൽകിയ മൂന്ന് വർഷക്കാലയളവിൽ ഓരോ വർഷവും രണ്ട് തവണ വീതം ടെസ്റ്റ് നടത്തിയിട്ടുണ്ടോയെന്നും അപ്രകാരം ടിയാളിന് മൂന്ന് വർഷ ഒഴിവാക്കലിനിടയിൽ 6 തവണ അവസരം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ നഗരകാര്യഡയറക്ടരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചിരുന്നു. അതിൻപ്രകാരം കേരള മുനിസിപ്പൽ ടെസ്റ്റിന്റെ ഭാഗമായി നടത്തുന്ന KSR, Kerala Financial Code, Act and Rules Special Service Rules & Standing Order എന്നിവ 2017,2018,2019 ജനുവരി ജൂലൈ മാസങ്ങളിൽ വർഷത്തിൽ രണ്ട് തവണകളായി നടത്തിയിട്ടുള്ളതാണെന്ന് കേരളപബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം അറിയിച്ചിരുന്നു. കൂടാതെ 11.04.2017-ൽ ഉദ്യോഗകയറ്റം നേടിയിട്ടുള്ള ശ്രീമതി സന്ധ്യ.വി. 11.04.2020-നുള്ളിൽ എല്ലാ ടെസ്റ്റുകളും പാസ്സാകേണ്ടതുണ്ടെങ്കിലും നാളിതുവരെ കെ.എസ്.ആർ. പാസ്സായിട്ടുള്ള വിവരം ടി ഓഫീസിൽ നൽകിയിട്ടില്ലാത്തതാണെന്നും 25.11.2022 ലെ കത്ത് പ്രകാരം നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

7. മേൽ വസ്തുതകൾ പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ 16.8.2010 ൽ എൽ.ഡി.സി/ബിൽ കളക്ടർ ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി.സന്ധ്യ വി. യ്ക്ക് ഉദ്യോഗക്കയറ്റത്തിനുള്ള നിർബന്ധിതവകുപ്പ് തല പരീക്ഷകൾ എല്ലാം പാസ്സാകാത്തതിനെത്തുടർന്ന്, 11.04.2017 തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം കെ.എസ്.ആന്റ് എസ്.എസ്.ആർ ചട്ടം 13 A(1)(a) വ്യവസ്ഥകൾക്ക് വിധേയമായി, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതാണ്. (ഉദ്യോഗക്കയറ്റം ലഭിച്ച തീയതി (11/04/2017) മുതൽ 3 വർഷത്തിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടാത്ത പക്ഷം ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തുന്നതാണെന്നുള്ള നിബന്ധനയോടെ). എന്നാൽ ടിയാൾ 11.04.2017ന് ശേഷം മൂന്ന് വർഷക്കാലയളവിൽ (ജൂലൈ 2017, ജനുവരി 2018, ജൂലൈ 2018, ജനുവരി 2019, ജൂലൈ 2019, ജനുവരി 2020) 6 തവണ നടന്ന പരീക്ഷകൾക്ക് അവസരം ലഭിച്ചിരുന്നുവെങ്കിലും പ്രസ്തുത അവസരങ്ങളിൽ ടിയാൾ യോഗ്യത നേടേണ്ടിയിരുന്ന വകുപ്പ്തലപരീക്ഷയായ കെ.എസ്.ആർ. പാസ്സായിട്ടുള്ളതല്ല. ജനുവരി 2020ൽ 15.02.2020ന് കെ.എസ്.ആർ. (ലോവർ) പരീക്ഷയും 14.03.2020ന് കെ.എസ്.ആർ. (ഹയർ) പരീക്ഷയും പി.എസ്.സി നടത്തിയിട്ടുള്ളതാണ്. അതായത് ഉദ്യോഗക്കയറ്റം ലഭിച്ച തീയതി (11/04/2017) മുതൽ 3 വർഷത്തിനുള്ളിൽ (11.04.2020) 6 തവണ അവസരം ലഭിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി പ്രകാരം ലോക്ക്ഡൗൺ 23.03.2020-നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആയതിനാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ PSC Department test-കൾ യഥാസമയം നടത്തിയിരുന്നില്ല എന്ന ടിയാരിയുടെ വാദം വസ്തുതാപരമല്ല. കൂടാതെ ടിയാൾ നാളിതുവരെയും പ്രസ്തുത വകുപ്പ് തല പരീക്ഷ പാസ്സായിട്ടുള്ളതായും കാണുന്നില്ല.

8. മേൽ സാഹചര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ഇളവിന്റെ കാലാവധി, PSC -യുടെ അടുത്ത Department test വരെയെങ്കിലും നീട്ടി ഉത്തരവുണ്ടാകണം എന്ന ശ്രീമതി.സന്ധ്യ വി. സമർപ്പിച്ച 06.01.2021- തീയതിയിലെ അനക്ഷർ എ 7 അപേക്ഷയിലെ ആവശ്യം പരിഗണനാർഹമല്ല എന്ന് കാണുന്നതിനാൽ പ്രസ്തുത ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

9. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ 60/2021 നമ്പർ കേസിലെ 05.11.2021 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.സന്ധ്യ വി., സീനിയർ ക്ലർക്ക്, തിരുവനന്തപുരം കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sonu Jacob

Date: 09-12-2022 16:38:20

സെക്ഷൻ ഓഫീസർ